"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് - "ദേവികുളം ഗസ്റ്റ് ഹൗസ് നവീകരണം"- എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.362/2025/TSM തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-

1. 30.05.2019 തീയതിയിലെ സ.ഉ (കൈ) നം. 03/2019/ടൂറിസം
2. വിനോദസഞ്ചാരവകുപ്പ് ഡയറക്ടറുടെ 27.07.2025 തീയതിയിലെ DOT/1453/2025-HB3 നമ്പർ കത്ത്.
3. 30.05.2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ, മൂന്നാർ, ഇരവികുളം നാഷണൽ പാർക്ക്, മാട്ടുപ്പെട്ടി എന്നീ പ്രധാന ടൂറിസ്റ്റ് ആകർഷണങ്ങൾക്കടുത്തായി സ്ഥിതിചെയ്യുന്ന ഗസ്റ്റ് ഹൗസാണ് ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന ദേവികുളം ഗവ.ഗസ്റ്റ് ഹൗസ്.

(2)ദേവികുളം ഗസ്റ്റ് ഹൗസിന്റെ നവീകരണ പ്രവൃത്തികൾക്കായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സമർപ്പിച്ച 54,45,000/- (അൻപത്തി നാല് ലക്ഷത്തി നാല്പത്തിഅയ്യായിരം രൂപ) രൂപയുടെ പ്രൊപ്പോസൽ, നടപ്പ് സാമ്പത്തിക വർഷത്തിൽ 5452-01-101-86- അപ്ഗ്രഡേഷൻ, ക്രിയേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് അമിനിറ്റീസ് ഗസ്റ്റ് ഹൗസ് " എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് നൽകുന്നതിന്, പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

(3) 30-05-2025- ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും പദ്ധതി പ്രൊപ്പോസലിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(4) പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| SI No | Head Description | Amount |
|---|---|---|
| 1 | RENOVATION WORKS OF BUILDING | 34,27,257.10 |
| 2 | SUMP TANK (25000L) | 3,58,831.26 |
| 3 | COMMON PUBLIC TOILET | 1,09,031.38 |

| | | |
|---|---|---|
| | MAINTENANCE | |
| 4 | GATE RENOVATION | 2,02,646.26 |
| 5 | ELECTRICAL MAINTENANCE AND FITTING | 1,74,225.00 |
| | Total Estimation PAC | 4271991.00 |

| SI No | Description | Percentage/LS | Amount |
|---|---|---|---|
| **L** | **Lumsum Heading** | | |
| L.00I | Centage Charge for planning, designing, tendering, supervising and handing over for Government Accredited Agencies for all works below Rs. I crore. | | |
| | 427I991.00 | 8.00% | 341759.28 |
| L.002 | LS amount for Remuneration and Supervision charge | | |
| | | @LS | 61516.67 |
| | **Total Lumsum Amount** | | 403275.95 |
| C | **Extra Charges** | | |
| | | | |
| C.001 | Provision for GST | | |
| | 4271991.00 | 18.00% | 768958.38 |
| | **Grand Total** | | 5444225.33 |
| | **Round off** | | 774.67 |
| | **Rounded Total(Rs)** | | 5445000.00 |
| | **Rupees Fifty Four Lakh Forty Five Thousand** | | |

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ "ദേവികുളം ഗസ്റ്റ് ഹൗസ് നവീകരണം"- എന്ന പദ്ധതിയ്ക്ക് 54,45,000/- (അൻപത്തി നാല് ലക്ഷത്തി നാല്പത്തിഅയ്യായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി 5452-01-101-86- അപ്ഗ്രഡേഷൻ, ക്രിയേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് അമിനിറ്റീസ് ഗസ്റ്റ് ഹൗസ്(പ്ലാൻ) " എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(6) പ്രസ്തുത പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം മുഖേന വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ 6 മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. പദ്ധതിയുടെ നടത്തിപ്പിനായി പരാമർശിത സർക്കാർ ഉത്തരവിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും പദ്ധതിച്ചെലവ് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്,
പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് i & 11), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിനോദസഞ്ചാര(എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.സി 1/229/2025-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 25-06-2025 11:27:17

സെക്ഷൻ ഓഫീസർ

പകർപ്പ് : വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.